# 'ക്രിസ്തു എന്റെ കെടാവിളക്ക്'

## സങ്കീർത്തനങ്ങൾ 119:105

'' നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു''

നമുക്കറിയാം ഇരുളുള്ളിടത്താണ് വിളക്കു കൊണ്ടാവശ്യം, കാരണം അതു ഇരുളിൽ നമുക്ക് പ്രകാശം പകരുന്നു. എന്നാൽ ഇരുൾ അല്ലെങ്കിൽ അന്ധകാരം എന്നു പറയുന്ന അവസ്ഥ വാസ്തവത്തിൽ ഉള്ളതാണോ? ഒന്നു നോക്കിക്കഴിഞ്ഞാൽ അല്ല എന്നു നമുക്ക് പറയുവാൻ കഴിയും. സൂര്യൻ സദാ പ്രകാശിച്ചുകൊണ്ടു നിൽക്കുന്നു. എന്നാൽ ഭൂമി അതിന്റെ അച്ചുതണ്ടിൽ കറങ്ങിക്കൊണ്ടിരിക്കുന്നതു കൊണ്ട് നമുക്ക് രാവും പകലും എന്നിങ്ങനെ രണ്ട് വ്യത്യസ്ത അനുഭവം ലഭിക്കുന്നു. അപ്പോൾ സദാ പ്രകാശിച്ചു കൊണ്ടിരിക്കുന്ന സൂര്യനിൽ നിന്നുള്ള പ്രകാശം എന്തെങ്കിലും കാരണത്താൽ ഇല്ലാതാകുമ്പോഴാണ് അതിനെ ഇരുൾ അല്ലെങ്കിൽ രാവ് എന്നു നമുക്ക് പറയുവാൻ കഴിയുന്നത്. അതുപോലെ വെളിച്ചമില്ലാത്ത അവസ്ഥയെ നമുക്ക് അന്ധകരം എന്നു പറയുവാൻ സാധിക്കും. ചുരുക്കത്തിൽ നിത്യം നമുക്ക് പ്രകാശം ലഭിക്കുന്നുണ്ട് എന്നാൽ ആ പ്രകാശം ഏതെങ്കിലും കാരണത്താൽ നമുക്ക് ലഭിക്കാതെ വരുമ്പോൾ അതിനെ നമുക്ക് ഇരുൾ എന്നു പറയാം.

അങ്ങിനെയെങ്കിൽ മേൽ വായിച്ച വചനത്തിലേക്ക് ഒന്നു നോക്കിയാൽ, അവിടെ പറയുന്നു നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്കു പ്രകാശവും ആകുന്നു എന്ന്. അപ്പോൾ ഇവിടെ സദാ പ്രകാശിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ് ദൈവവചനമെന്ന് നമുക്ക് ഉറപ്പിക്കാം. ആ ദൈവവചനമാകുന്ന വിളക്ക് എന്റെ പാതെക്കു പ്രകാശം പകരുവാൻ ഉതകുന്നതാണെന്നു സങ്കീർത്തകൻ പറഞ്ഞുവെക്കുന്നു. യോഹന്നാന്റെ സുവിശേഷം 8:12 ൽ ഇപ്രകാരം പറയുന്നു "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും." ഈ രണ്ടുവാകൃങ്ങളും ചേർത്തു വായിക്കുമ്പോൾ നമുക്ക് മനസ്സിലാവുന്ന കാര്യമെന്നു പറയുന്നത്, വചനം ജഡമായിത്തീർന്ന നമ്മുടെ കർത്താവായ യേശു, നമ്മുടെ ജീവിതയാത്രയിൽ വെളിച്ചമായി സദാ കൂടെയുണ്ട്. എന്നാൽ ആ വെളിച്ചത്തെ നാം അറിയാതെ പോവുകയും നമ്മുടെ ജീവിതത്തിൽ പാപത്തിന്റെ പെരുപ്പം കൂടിവരികയും ചെയ്യുമ്പോൾ ആ വെളിച്ചം നമ്മിൽ നൽകിക്കൊണ്ടിരിക്കുന്ന പ്രകാശത്തിന്റെ പാതെക്കു തടസ്സമായിത്തീരുകയും ചെയ്യുന്നു. അതിൻഫലമായി നമ്മിൽ കടുത്ത അന്ധകാരത്തിന്റെ അവസ്ഥ കടന്നു വരാൻ ഇടയായിത്തീരുന്നു.

നാം നമ്മുടെ ഭവനത്തിലേക്കോ മറ്റോ കാൽനടയായി കടന്നു പോകുകയാണെന്നിരിക്കട്ടെ, പോകുന്ന വഴിയിലൊന്നും തെരുവുവിളക്കുകളോ മറ്റ് പ്രകാശം പരത്തുന്ന യാതൊന്നോ ഇല്ല. നാം ഈ കൂരിരുട്ടിൽ തപ്പിത്തടഞ്ഞ് ഭവനത്തിലെത്തി അതിനു ശേഷം നമ്മുടെ കയ്യിലുണ്ടായിരുന്ന സഞ്ചിയിൽ ഒരു ടോർച്ച് ലൈറ്റ് കിടക്കുന്നതു കാണുകയാണെങ്കിൽ നമ്മുടെ സ്ഥിതി എന്തായിരിക്കും. അതു തന്നെയാണ് ഇവിടെയും സംഭവിക്കുന്നത്. ജീവിത പാതയിൽ സദാ വെളിച്ചം പരത്തുന്ന ദൈവത്തിന്റെ ജീവനുള്ള വചനം നമുക്ക് പുസ്തക രൂപത്തിൽ നൽകിത്തന്നിരിക്കുമ്പോൾ അത് ഒന്നു വായിക്കുന്നതിനോ ആ വചനം ജീവിതത്തിന്റെ അന്ധതയെ നശിപ്പിക്കുവാൻ ഉതകുന്നതാണെന്നുള്ള ഒരു തിരിച്ചറിവിലേക്ക് എത്തുന്നതിനോ ഒന്നും നാം തയ്യാറാവുന്നില്ല. പലപ്പോഴും ജീവിത പാതയിൽ അന്ധകാരം കൊണ്ട് മൂടി ഇനി എങ്ങോട്ട് എന്നറിയാതെ നിൽക്കുമ്പോഴായിരിക്കും ഈ പ്രകാശത്തെക്കുറിച്ചോർക്കുക തന്നെ.

അവിടെയാണ് നമ്മുടെ ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ നാം മനസ്സിലാക്കേണ്ടത്. കാരണം അവൻ നമ്മെ പാതിവഴിയിൽ ഉപേക്ഷിച്ചു പോകുന്നവനല്ല. അവൻ നമ്മുടെ ജീവിതപാതയിൽ നമ്മുടെ വീഴ്ചയിലും, താഴ്ചയിലും എല്ലാം എന്നാളും കൂടെയുണ്ട്. സങ്കീർത്തനങ്ങൾ 119:89 ൽ പറയുന്നു "യഹോവേ, നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു." അങ്ങിനെയെങ്കിൽ നമുക്ക് ഒന്നുറപ്പിക്കാം, നമ്മുടെ കാലുകൾക്കു വെളിച്ചവും പാതകൾക്കു പ്രകാശവുമാകാൻ ഒരു സുസ്ഥിരമായ കെടാവിളക്കായി നമ്മുടെ കർത്താവ് എന്നും നമ്മോട് കൂടെയുണ്ട്. അത് അവൻ നമ്മെ വിട്ട് പിരിഞ്ഞ് സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അവന്റെ ആത്മാവിനെ നൽകി നമ്മോടുള്ള വാഗ്ദത്തം നിലനിർത്തി. ആയതിനാൽ ഈ പ്രകാശത്തെ നമ്മുടെ ജീവിതത്തിലേക്ക് ഉൾക്കൊള്ളാൻ തക്കവണ്ണം നമ്മുടെ ജീവിതത്തിൽ വിഘ്നാതമായി നിൽക്കുന്ന എല്ലാ മറകളെയും നീക്കി നമ്മുടെ കാലുകൾക്കു വെളിച്ചവും പാതെക്കു പ്രകാശവുമായിത്തീരുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:
സങ്കീർത്തനങ്ങൾ 43:3

"നിന്റെ പ്രകാശവും സത്യവും അയച്ചുതരേണമേ; അവ എന്നെ നടത്തുമാറാകട്ടെ; നിന്റെ വിശുദ്ധപർവ്വതത്തിലേക്കും തിരുനിവാസത്തിലേക്കും അവ എന്നെ എത്തിക്കുമാറാകട്ടെ"

ബ്രദർ. ബിനു ബേബി ആലപ്പുഴ 089